പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2752 — 21 /06/2012 - ൽ മറുപടിക്ക്

## സബ്സിഡി നിരക്കിൽ നിത്യോപയോഗ സാധനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി.വിജയദാസ്. | ശ്രീ. അനൂപ് ജേക്കബ്. (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) ബജറ്റിൽ പ്രഖ്യാപിച്ച ആവശ്യ സാധനങ്ങളുടെ വില വർദ്ധനവ് തടയുന്നതിലേയ്ക്കായി സബ്സിഡി നിരക്കിൽ നിത്യോപയോഗ സാധനങ്ങൾ റേഷൻ കടകൾ വഴി വിതരണം ചെയ്യുമെന്ന പദ്ധതി എന്നുമുതൽ നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;<br>ബി) എ.പി.എൽ, ബി.പി.എൽ വിഭാഗങ്ങളിൽപ്പെടുന്ന എല്ലാവർക്കും പ്രസ്തുത അനുകൂല്യം ലഭിക്കുമോ; | (എ) (ബി) റേഷൻ കടകൾ വഴി സബ്സിഡി നിരക്കിൽ ആവശ്യസാധനങ്ങൾ വിതരണം ചെയ്യാനുള്ള 354 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി 2010 മെയ് മാസത്തിൽ സമർപ്പിച്ചിരുന്നു. എങ്കിലും അനുമതി ലഭിക്കാത്തതിനാൽ പദ്ധതിയിന്മേലുള്ള അന്തിമ തീരുമാനം കൈകൊണ്ടിട്ടില്ല. |
| സി) വില വർദ്ധനവ് തടയുന്നതിലേയ്ക്കായി എന്തെല്ലാം നടപടികളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | സി) എ.എ.വൈ. /ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട റേഷൻ കാർഡ് ഉടമകൾക്ക് പ്രതിമാസം യഥാക്രമം 35 കിലോയും 25 കിലോയും അരി, കിലോയ്ക്ക് ഒരു രൂപ നിരക്കിലും ബി.പി.എൽ. കാർഡുകൾക്ക് 2 രൂപ നിരക്കിൽ 5 കിലോ ഗോതമ്പും, എ.പി.എൽ. വിഭാഗത്തിൽപ്പെട്ട 42 ലക്ഷത്തോളം പേർക്ക് 2 രൂപ നിരക്കിൽ അരിയും ഗോതമ്പും വിതരണം ചെയ്യുന്ന പദ്ധതി മൂലം ഭക്ഷ്യധാന്യങ്ങളുടെ വില വളരെ കുറയുകയും വിലവർദ്ധനവ് നിയന്ത്രണ വിധേയമാക്കാനും കഴിഞ്ഞിട്ടുണ്ട്. വിപണിയിലുണ്ടാകുന്ന വില വ്യത്യാസം നിയന്ത്രിക്കുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നിലവിലുള്ള മാർക്കറ്റിടപെടൽ പദ്ധതി പര്യാപ്തവും ഫലപ്രദവുമാണ്. ഇതനുസരിച്ച്.<br>1. പൊതു വിപണിയേക്കാൾ ശരാശരി 50% വരെ കുറഞ്ഞ നിരക്കിൽ ആവശ്യ സാധനങ്ങൾ ജനങ്ങൾക്ക് വിതരണം ചെയ്യുന്നു. |

2. പ്രാദേശികമായി ജനങ്ങൾക്ക് താത്പര്യമുള്ള വിവിധ ഇനം അരി (മട്ട, ബോധന, പച്ചരി) കി.ഗ്രാമിന് 16 രുപ നിരക്കിൽ വിതരണം ചെയ്യുന്നു.

3. കുടുതൽ വിൽപ്പന ശാലകൾ വഴി മിതമായ വിലകൾക്ക് വിപണിയിൽ കൂടുതൽ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു.

4. യഥാർത്ഥ ഉപഭോക്താവിന് ആവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾ വഴി നിയന്ത്രിക്കുകയും അതുവഴി അവശ്യ സാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്തു.

5. ഗോതമ്പുപൊടിയുടെ വില വർദ്ധന തടയുവാനായി റേഷൻ കടകൾ വഴി ഫോർട്ടിഫൈഡ് ആട്ട കിലോയ്ക്ക് 12 രൂപയ്ക്ക് വിതരണം നടത്തി വരുന്നു.

6. എ.ആർ.ഡി. ശബരി സ്റ്റോറുകൾ, തീരമൈത്രി സൂപ്പർ മാർക്കറ്റുകൾ എന്നിവ വഴിയും നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്നു.

7. അരിയും പലവ്യഞ്ജനങ്ങളും കൂടാതെ FMCG സാധനങ്ങൾ MRP യേക്കാളും ശരാശരി 10 ശതമാനം വിലകുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് വൻകിട കുത്തക കച്ചവടക്കാരെ MRP യിൽ നിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.

8. പൊതു വിപണിയിലേതിനേക്കാൾ 20 ശതമാനം വരെ വിലക്കുറവിൽ തേയില, കാപ്പി. കറി പൗഡറുകൾ, വെളിച്ചെണ്ണ, കായം, വാളൻപുളി, ഏലം, എന്നിവ ശബരി എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തിവരുന്നു.

9. ഉത്സവകാലങ്ങളിലെ വില വർദ്ധന നിയന്ത്രിക്കാൻ ഓണം, ബക്രീദ്, റംസാൻ, ക്രിസ്മസ്, വിഷു തുടങ്ങിയ ഉത്സവകാലങ്ങളിൽ പ്രത്യേക ഉത്സവകാല ചന്തകൾ സംഘടിപ്പിച്ചു വരുന്നു.

10. പച്ചക്കറികൾക്ക് അന്യസംസ്ഥാനങ്ങളിൽ ഉണ്ടായ ദൗർലഭ്യം മൂലം ഉണ്ടായ വില വർദ്ധന നേരിടാൻ സപ്ലൈകോയും ഹോർട്ടി കോർപ്പും സംയുക്തമായി പച്ചക്കറി വിൽപ്പന സംഘടിപ്പിച്ചിട്ടുണ്ട്. ഇതനുസരിച്ച് പച്ചക്കറി കുറഞ്ഞ വിലയിൽ ലഭ്യമാക്കി വരുന്നു.

11. വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠനോപകരണങ്ങൾ മിതമായ വിലക്ക് ലഭ്യമാക്കുവാൻ സ്കൂൾ ഫെയറുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇത്തരത്തിൽ വിപണിയിൽ കുറഞ്ഞ വിലയ്ക്ക് കൂടുതൽ സ്റ്റോക്ക് എത്തിച്ച് വില വർദ്ധന ഉണ്ടാകുന്ന എല്ലാ സാഹചര്യവും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ